കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കാസറഗോഡ് ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് സ്പെഷ്യാലിറ്റി കേസുകൾ റഫർ ചെയ്യാനും, ബില്ലുകൾ പാസ്സാക്കാനുമുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എഫ്) വകുപ്പ്

സ.ഉ.(സാധാ.)നം.1854/2011/തൊഴിൽ തിരുവനന്തപുരം, തീയതി: 20/12/2011.

---

പരാമർശം:- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ 28/4/2011 ലെ ബി2-18239/2009/ഡിഐഎംഎസ് നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച് ജില്ലയിലെ ഏക ഡിസ്പെൻസറിയായ കാസറഗോഡ് ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് സ്പെഷ്യാലിറ്റി കേസുകൾ റഫർ ചെയ്യുവാനും ബില്ലുകൾ പാസ്സാക്കാനുമുള്ള അധികാരം നൽകണമെന്ന് പരാമർശം 1 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

കാസറഗോഡ് ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി രോഗികളെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതിനും, ബില്ലുകൾ പാസ്സാക്കുന്നതിനുമുള്ള അധികാരമില്ലാത്തതു കാരണം ഗുണഭോക്താക്കൾ റഫറൻസിനും ബില്ല് പാസ്സാക്കുന്നതിനുമായി 100 കിലോ മീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നു. ഇത് പാവപ്പെട്ട രോഗികൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കാസറഗോഡ് ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി രോഗികളെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതിനും, ബില്ലുകൾ പാസ്സാക്കുന്നതിനുമുള്ള അധികാരം ഇതിനാൽ നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

കെ.സരസ്വതി അമ്മ,
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ.സി, പഞ്ച്ദീപ് ഭവൻ,
നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ.
ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, കാസറഗോഡ്.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് (ഉത്തര മേഖല), കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരളാ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം